**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 486** **06-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ് കോൺ കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബിക്ക് കീഴിൽ കൺസൾട്ടൻസി കമ്പനിയായി കിഫ് കോൺ എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്, 01.08.2022 ലെ G.O.(Ms)No.135/2022/FIN സർക്കാർ ഉത്തരവ് പ്രകാരം, കിഫ്കോൺ പ്രൈവറ്റ് ലിമിറ്റഡ് (KIIFCON Pvt Ltd) എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു. |
| (ബി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും നിലവിൽ ഏതെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | 1. ഇന്ത്യയിലും വിദേശത്തുമായി ഗതാഗതം, കെട്ടിടങ്ങൾ എം.ഇ.പി പ്രവൃത്തികൾ, നഗര വികസനം, തുറമുഖങ്ങളും തീരദേശവും തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും അനുബന്ധ സാങ്കേതിക രംഗത്തും കൺസൾട്ടൻസി നൽകുക. ഇതുവഴി, ഒരൊറ്റ കുടക്കീഴിൽ സ്ഥാപനങ്ങൾക്ക് വിവിധതരം കൺസൾട്ടൻസി സേവനങ്ങൾ ലഭ്യമാക്കുകയും, സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദ്യാകൈമാറ്റം നടത്താനാകുമെന്നും വിശ്വസിക്കുന്നു.<br>2. ഇന്ത്യയിലും വിദേശത്തുമുള്ള സിവിൽ, ആർകിടെക്ച്ചറൽ, സ്ട്രക്ചറൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നിവയുൾപ്പെടെയുള്ള എല്ലാ മേഖലകളിലും എഞ്ചിനിയറിംഗ് ഡിസൈൻ സർവ്വീസ് നൽകുക.<br>3. പ്രോജക്റ്റ് ഡവലപ്മെന്റിന് ആവശ്യമായ പ്രാഥമിക സാധ്യതാ പഠനങ്ങൾ, എഞ്ചിനീയറിംഗ് സർവേയും പരിശോധനയും, ആശയരൂപീകരണവും പ്രാഥമികവുമായ ഡിസൈൻ രേഖകൾ വികസിപ്പിക്കലും, പരിസ്ഥിതി / സാമൂഹിക ആഘാതം പഠനം, ഡിപിആർ പിന്തുണാ സേവനങ്ങൾ, ഇതിനുപരിയായിട്ടുള്ള മറ്റ് അനുബന്ധ സേവനങ്ങൾ എന്നിവ ലഭ്യമാക്കുക.<br>4. പ്രോജക്റ്റ് എഞ്ചിനീയറിംഗ് ഘട്ടത്തിൽ പദ്ധതിയുടെ വിശദമായ രൂപകൽപ്പന, |

ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് (BIM) ഇന്റഗ്രേറ്റഡ് ഡിസൈൻ, ബിഡ് പ്രോസസ് മാനേജ്മെന്റ്, ഡിസൈൻ റിവ്യൂ തുടങ്ങിയ എഞ്ചിനീയറിംഗ് സേവനങ്ങൾ നൽകുക.

5. പ്രോജക്റ്റ് മാനേജ്മെന്റ് സേവനങ്ങൾ, ക്വാളിറ്റി ഓഡിറ്റ്, ക്വാളിറ്റി മാനേജ്മെന്റ് & മോനിട്ടറിംഗ്, സാങ്കേതിക പരിശോധന തുടങ്ങിയ പദ്ധതി നിർവ്വഹണ സേവനങ്ങളിൽ കൺസൾട്ടിംഗ് എഞ്ചിനീയർമാരായി പ്രവർത്തിക്കുക. കൂടാതെ ആസൂത്രണം മുതൽ പൂർത്തികരണം വരെ പ്രോജക്റ്റിന്റെ മുഴുവൻ മേഖലകളിലും സമഗ്രമായ പ്രോജക്റ്റ് മാനേജ്മെന്റ് സേവനങ്ങൾ നൽകുക..
6. ജിയോഗ്രഫിക്ക് ഇൻഫർമേഷൻ സിസ്റ്റം, മൊബൈൽ, ഏരിയൽ & ഡ്രോൺ സർവ്വേ,, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എന്നീ നൂതന സാങ്കേതിക വിദ്യകളിലെ സ്കിൽ അപ്ഗ്രഡേഷൻ സഹായിക്കുക കൂടാതെ മുൻകൂട്ടി നിശ്ചയിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും സുസ്ഥിരവും നൂതനവുമായ മറ്റ് സാങ്കേതിക വിദ്യകൾ വിവിധ തലങ്ങളിൽ വിനിയോഗിക്കുന്നതിനും സേവനം നൽകുക. ഉൽപ്പാദനക്ഷമത ഉറപ്പുവരുത്തിക്കൊണ്ട് പെർഫോമൻസ് മെച്ചപ്പെടുത്തുന്നതിനുള്ള അറിവ് പകരുന്നതോടൊപ്പം വ്യക്തിഗത ലക്ഷ്യങ്ങളെ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളുമായി കോർത്തിണക്കിക്കൊണ്ട് സ്ഥാപനത്തിന്റെ പൊതുവായ വികസന പ്രക്രിയക്ക് വിഭവശേഷിയെ പ്രയോജനപ്പെടുത്തന്നതിനുള്ള ഒരു പ്ലാറ്റ്ഫോം നൽകുക..
7. പദ്ധതി നടത്തിപ്പിനുള്ള പഠനവും സർവ്വെയും നടത്തുക; സാങ്കേതിക- സാമ്പത്തിക പഠനം; പദ്ധതി അവലോകന റിപ്പോർട്ട് തയ്യാറാക്കുക; സംരംഭകരെ കണ്ടെത്തുകയും അവർക്കാവശ്യമായ ഭരണപരവും സാങ്കേതികപരവുമായ സഹായം നൽകുക; മാർക്കറ്റ് റിസർച്ചിനും സർവ്വേക്കും സഹായിക്കുക; അസ്സറ്റ് വാല്യുവേഷൻ ഉൾപ്പെടെയുള്ളവയിൽ സഹായിക്കുകയും ഇൻഡസ്ട്രിയൽ മാനേജ്മെന്റ്, ഫിനാൻഷ്യൽ കൺസൽട്ടന്റ് എന്നിവയായി വർത്തിക്കുകയും ചെയ്യുക; സ്വതന്ത്രമായോ, മറ്റ്

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ സഹായത്തോടെയോ വൊക്കേഷണൽ & പ്രൊഫഷണൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കുകയും അവയ്ക്ക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുക.<br>8. പദ്ധതി നടത്തിപ്പിനാവശ്യമായ ആസൂത്രണം, ഡിസൈൻ, മേൽനോട്ടം, ഓപ്പറേഷൻ & മെയിന്റനൻസ് തുടങ്ങിയ സേവനങ്ങൾ നൽകുക..<br>9. ഫണ്ട് സമാഹരണത്തിനും സ്ട്രക്ചറിംഗിനും സഹായിക്കുക, അസ്സറ്റ് ലയബിലിറ്റി മാനേജ്മെന്റിനും റിസ്ക് മാനേജ്മെന്റിനും സഹായിക്കുക, ESG കംപ്ലയൻസ് ഉൾപ്പെടെ ക്ലൈമറ്റ് റസലിയന്റ് അജണ്ടകൾ രൂപീകരിക്കുന്നതിന് സഹായിക്കുക.<br>10. കിഫ്ബിക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നോ പ്രോഫിറ്റ് നൊ ലോസ് അടിസ്ഥാനത്തിൽ കിഫ്ബി ആവശ്യപ്പെടുന്ന പ്രകാരം നൽകുക.<br><br>കിഫ്ബിക്ക് ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണ ങ്ങളും വിദഗ്ദ ഓപ്പറേറ്റർമാരുടെ സേവനവും ഉൾപ്പടെ നോ പ്രോഫിറ്റ് നൊ ലോസ് അടിസ്ഥാനത്തിൽ കിഫ്ബി ആവശ്യപ്പെടുന്ന പ്രകാരം നൽകുക..<br><br>**നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ**<br><br>1. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന് പി.എം.സി സഹായങ്ങൾ നൽകുന്നു.<br><br>2. കേരള റബ്ബർ ലിമിറ്റഡിന് ഡി.പി. ആർ സപ്പോർട്ടും പി.എം.സി സഹായവും നൽകുന്നു.<br><br>3. OVERSEAS KERALITES INVESTMENT AND HOLDING Ltd (OKIH) ന്റെ ക്ലയന്റ് എഞ്ചിനീയർ ആയിട്ടും പ്രവർത്തിക്കുന്നു. |
| (സി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തന മൂലധനം ഏത് രീതിയിലാണ് സമാഹരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | 1 കോടി രൂപ മൂലധനമുള്ള ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് കിഫ്കോൺ. തുടക്കത്തിൽ 100% ഓഹരി കിഫ്ബിയുടേതും തുടർന്ന് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി പരമാവധി 51% ഓഹരി റെപ്യൂട്ടഡ് കമ്പനികൾക്ക് ഡിസ്ഇൻവെസ്റ്റ്മെന്റിലൂടെ അനുവദിക്കുകയും ചെയ്യുന്നതാണ്. കമ്പനിയുടെ നടത്തിപ്പിന് ഓതറൈസ്ഡ് ക്യാപിറ്റൽ ആയി 1കോടി രൂപയും, പെയ്ഡ് അപ്പ് ക്യാപിറ്റൽ ആയി 10ലക്ഷം രൂപയും കിഫ്ബിയിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കമ്പനിക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് പ്രസ്തുത തുക നൽകിയതെന്ന് അറിയിക്കാമോ? | (ഡി) | കമ്പനിയുടെ നടത്തിപ്പിന് ഓതറൈസ്ഡ് ക്യാപിറ്റൽ ആയി 1കോടി രൂപയും, പെയ്ഡ് അപ്പ് ക്യാപിറ്റൽ ആയി 10ലക്ഷം രൂപയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. സർക്കാർ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും തുകയൊന്നും നൽകയിട്ടില്ല. |

സെക്ഷൻ ഓഫീസർ